"ഭരണഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: എച്ച്3/23156/16 ചാക്ക, തിരുവനന്തപുരം

തീയതി: 13/10/2016

## ചുറ്ററിയിപ്പ്

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് 2014 ആഗസ്റ്റ് മുതൽ എം.ഐ.എസ്. പോർട്ടൽ മുഖേന അഡ്മിഷൻ നേടിയ ട്രെയിനികളുടെ ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകളും കൺസോലിഡേറ്റഡ് മാർക്ക്ഷീറ്റും എം.ഐ.എസ്. പോർട്ടലിൽ നിന്ന് Download ചെയ്ത് ട്രെയിനികൾക്ക് വിതരണം നടത്തുന്നത് -സംബന്ധിച്ച്-

2014 ആഗസ്റ്റ് മാസം മുതൽ എം.ഐ.എസ്. പോർട്ടൽ മുഖേന അഡ്മിഷൻ നേടിയ ട്രെയിനികളിൽ സെമസ്റ്റർ പരീക്ഷകൾ വിജയിച്ചിട്ടുള്ളവർക്ക് വിതരണം നടത്തേണ്ട ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകളും കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റുകളും ഇപ്പോൾ എം.ഐ.എസ്. പോർട്ടലിൽ നിന്ന് ചെയ്ത് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നേരിട്ട് ചെയ്ത് പ്രിൻറ് എടുക്കാവുന്നതാണ്. ഇപ്രകാരം പ്രിൻറ് ചെയ്ത് ലഭിക്കുന്ന സർട്ടിഫിക്കേറ്റുകളും മാർക്ക് ഷീറ്റുകളും ട്രെയിനികൾക്ക് വിതരണം നടത്തുന്നതിന് മുൻപ് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

1. വിതരണം ചെയ്യുന്നതിനായി ഒരു രജിസ്റ്റർ താഴെ പറയും പ്രകാരം തയ്യാറാക്കേണ്ടതാണ്. വിതരണം നടത്തുന്നതിന് മുൻപ് ട്രെയിനികളിൽ നിന്ന് രജിസ്റ്ററിൽ ഒപ്പിട്ട് വാങ്ങേണ്ടതാണ്.

| ക്രമ നമ്പർ | ട്രെയിനിയുടെ പേര് | ട്രേഡ് | സെമസ്റ്റർ | പരീക്ഷ പൂർണ്ണമായും വിജയിച്ച റോൾ നമ്പർ/ട്രേഡ് ടെസ്റ്റ് നടന്ന മാസം/വർഷം | കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റ് നമ്പർ | ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റ് നമ്പർ | കൈപ്പറ്റുന്ന ട്രെയിനിയുടെ ഒപ്പ് (തിയതി ഉൾപ്പടെ) |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |

2. എം.ഐ.എസ്. പോർട്ടലിൽ നിന്ന് ലഭിക്കുന്ന മാർക്ക് ഷീറ്റും സർട്ടിഫിക്കേറ്റും Download ചെയ്ത് സ്ഥാപനത്തിലെ Computer System ത്തിൽ Save ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

3. ട്രെയിനികൾക്ക് വിതരണം നടത്തുന്ന കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റ്, ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റ് എന്നിവയുടെ ഓരോ കോപ്പി പ്രിൻറ് എടുത്ത് സെമസ്റ്റർ/ട്രേഡ് ടെസ്റ്റ് നടത്തിയ വർഷം/മാസം/ട്രേഡ് എന്ന ക്രമത്തിൽ അടുക്കി ഫയൽ ചെയ്ത് സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ ട്രെയിനികൾക്ക് വീണ്ടും ടി സർട്ടിഫിക്കേറ്റുകൾ നൽകേണ്ടിവരുന്ന സാഹചര്യത്തിൽ ഇതിൽ നിന്നും കോപ്പിയെടുത്ത് വിതരണം നടത്താവുന്നതാണ്.

4. ട്രെയിനിയുടെ വിവരങ്ങൾ കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റോ/ഇ-നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റോ വിതരണം ചെയ്തതിന് ശേഷം വരുത്തിയ തിരുത്തൽ മാത്രമേ പരീക്ഷാ വിഭാഗത്തിൽ പരിഹരിക്കുകയുള്ളു. ഇതിന് മുൻപുള്ള തിരുത്തലുകൾ യഥാസമയം ഡയറക്ടറേറ്റിലെ എഫ് സെക്ഷനുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതാണ്. ടി വിഷയം ബന്ധപ്പെട്ട സ്ഥാപന മേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5. ട്രെയിനികൾക്ക് ലഭിച്ച് കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റിലോ ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റിലോ എന്തെങ്കിലും അപാകത കണ്ടെത്തുകയാണെങ്കിൽ ടി അപാകത പരിഹരിക്കാൻ ആവശ്യമായ രേഖകൾ (ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്), 0230-ലേബർ ആൻറ് എംപ്ലോയ്മെൻറ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്- എന്ന ശിർഷകത്തിൽ 100/- രൂപ ഒടുക്കിയ അസ്സൽ ചെലാൻ, പ്രിൻറ് ചെയ്ത് ലഭിച്ച കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റ്, ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റ് എന്നിവയുടെ പകർപ്പുകൾ എന്നിവ സഹിതം അപേക്ഷകൾ സ്ഥാപന മേധാവികൾ ശുപാർശ ചെയ്ത് സമർപ്പിക്കേണ്ടതാണ്. അപാകത കണ്ടെത്തിയ സർട്ടിഫിക്കേറ്റുകൾ ട്രെയിനികൾക്ക് വിതരണം നടത്തേണ്ടതില്ല

എം.ഐ.എസ്. പോർട്ടൽ മുഖേനയാണ് 2014 ആഗസ്റ്റ് മാസം മുതൽ അഡ്മിഷൻ നടപടികൾ നടത്തിവരുന്നത്. വിജയിക്കുന്ന ട്രെയിനികളുടെ കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റും ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകളും

യഥാസമയം ഡി.ജി.റ്റി. തന്നെ എം.ഐ.എസ്. പോർട്ടൽ മുഖേന വിതരണം നടത്തുന്നതായിരിക്കും. ഇപ്രകാരം ലഭിക്കുന്ന മാർക്ക് ഷീറ്റും സർട്ടിഫിക്കേറ്റും മുകളിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് ട്രെയിനികൾക്ക് വിതരണം നടത്താൻ എല്ലാ സ്ഥാപന മേധാവികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

എല്ലാ സ്ഥാപന മേധാവികൾക്ക്

എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും(ടി നടപടികൾ യഥാസമയം നിർവഹിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്)